(ബി) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൻ കീഴിൽ വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂമികുലുക്കം, ഭൂകമ്പം, കടലാക്രമണം, ചുഴലിക്കാറ്റ്, കൊടുങ്കാറ്റ്, ഇടിമിന്നൽ, കാട്ടുതീ, കാട്ടാനശല്യം എന്നീ കാരണങ്ങളാലുണ്ടാകുന്ന വിളനാശത്തിന് ഇൻഷ്വറൻസ് ആനുകൂല്യം നൽകുന്നു. എന്നാൽ ദേശീയ കൃഷി ഇൻഷ്വറൻസ് പദ്ധതിയിൽ വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, കൊടുങ്കാറ്റ്, പേമാരി, ചുഴലിക്കാറ്റ്, അത്യുഷ്ണം, ഇടിമിന്നൽ സ്വാഭാവികമായുണ്ടാകുന്ന തീപിടുത്തം, രോഗകീടങ്ങളുടെ ബാധ എന്നിവമൂലം ഉണ്ടാകുന്ന വിളകളുടെ നാശത്തിനാണ് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നത്.

(സി) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഇപ്പോൾ തന്നെ സംസ്ഥാനത്തെ ഏതാണ്ട് എല്ലാ പ്രധാനപ്പെട്ട 25 വിളകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ദേശീയ കൃഷി ഇൻഷ്വറൻസ് പദ്ധതിയിൽ ഇപ്പോൾ ഉൾപ്പെടുത്തിയിട്ടുള്ള നെല്ല്, മരച്ചീനി, വാഴ, ഇഞ്ചി, മഞ്ഞൾ, പൈനാപ്പിൾ എന്നിവ കൂടാതെ, കേരളത്തിലെ പ്രധാനപ്പെട്ട വിളകളായ തെങ്ങ്, അടയ്ക്കാ, കശുവണ്ടി, റബ്ബർ, കാപ്പി, തേയില, ഏലം എന്നിവ കൂടി ഉൾപ്പെടുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്.

(ഡി) ദേശീയ കൃഷി ഇൻഷ്വറൻസ് പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് പഠനം നടത്തുന്നതിന് സർക്കാർ ഒരു വിദഗ്ദ്ധസമിതിയെ നിയമിക്കുകയുണ്ടായി. പ്രസ്തുത സമിതിയുടെ നിർദ്ദേശങ്ങളിലൊന്ന് ദേശീയ കൃഷി ഇൻഷ്വറൻസ് പദ്ധതിയിൽ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കിയിട്ടുള്ള വിളകളെ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയുടെ പരിധിയിൽ നിന്നും ഒഴിവാക്കണമെന്നാണ്. അങ്ങനെ ചെയ്താൽ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയ്ക്ക് ലഭ്യമായ ധനവിഹിതം വർദ്ധിക്കുമെന്നാണ്. സർക്കാർ ഈ നിർദ്ദേശം അംഗീകരിക്കുകയുണ്ടായി. ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കൃഷി ഡയറക്ടറിൽ നിന്നും ആവശ്യമായ പ്രൊപ്പോസൽ ലഭിക്കുമ്പോൾ സർക്കാർ ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

ശബരിമല വികസനം നടപ്പിലാക്കാൻ നടപടി

*18 [547] ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:

„ ടി. യു. രാധാകൃഷ്ണൻ:

„ ടി. വി. ചന്ദ്രമോഹൻ:

„ സി. പി. മുഹമ്മദ്:

„ വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലും പുങ്കാവനത്തിലും എന്തെല്ലാം വിധത്തിലുള്ള അപൂർവ്വ ജീവികളും സസ്യങ്ങളും ഉണ്ടെന്നത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശബരിമലയിലെത്തുന്ന തീർത്ഥാടകരുടെ ബാഹുല്യം നിമിത്തം ഈ ജന്തുജാലങ്ങൾക്കും സസ്യസമ്പത്തിനും എന്തെല്ലാം ദോഷം സംഭവിക്കുന്നു എന്നറിയിക്കാമോ; ഇതു സംബന്ധിച്ച് ലഭിച്ചിട്ടുള്ള തെളിവുകളെന്തെന്നു വെളിപ്പെടുത്താമോ;

(സി) പരിസ്ഥിതിയുടെ കാഴ്ചപ്പാടിൽ മാത്രം കാണേണ്ട കാര്യമാണ് ശബരിമലയിലെ ഭക്തൻമാർക്ക് സൗകര്യങ്ങൾ പ്രദാനം ചെയ്യേണ്ട പ്രശ്നമെന്നത് സംബന്ധിച്ച ഗവൺമെന്റ് നിലപാട് വ്യക്തമാക്കാമോ;

(ഡി) വനത്തിനും ജന്തുജാലങ്ങൾക്കും സസ്യങ്ങൾക്കും പരിസ്ഥിതിക്കും സ്ഥായിയായ ന്യൂനതയുണ്ടാകാത്ത വിധത്തിൽ ശബരിമല വികസനം അടിയന്തിരമായി നടപ്പാക്കുമോ?

ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ):

(എ) കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പഠനം നടത്തിയിട്ടുണ്ട്. അത്യപൂർവ്വമായ, നാശോൻമുഖമായിക്കൊണ്ടിരിക്കുന്ന 10 ഇനം സസ്യജാലങ്ങളും 5 ഇനം ജന്തുജാലങ്ങളും ഉള്ളതായി പഠനം വെളിപ്പെടുത്തി. സസ്യജാലങ്ങൾ സൈരേറ്റിത പെടമാറ്റ, എബ്ലിക്കാ ടെറേറ്റാ, ഗൈൾക്കോവിഡ് മാർക്കോകാർപ്പാ, മിസലരിയാ അക്മിനേറ്റാ, പോത്തോ സ്പീഷിസ്, സോണറിലാ സഹ്യാറിക്ക, സൈസീജിയം അക്സിഡന്റാലിസ്, കിംഗികോ ഡെന്റൽപിന്നേറ്റം, മിരിസ്റ്റിക്കാ മലബാറിക്ക, പൈപ്പർ ബാർബറി എന്നിവയും ജന്തുജാലകങ്ങൾ സിംഹവാലൻ കുരങ്ങ്, നീലഗിരി മാർട്ടിൻ, കടുവ, പുലി, രാജവെമ്പാല എന്നിവയുമാണ്.

(ബി) തീർത്ഥാടകരുടെ ബാഹുല്യം നിമിത്തം കാട്ടുതീ, ചെറിയ തോതിലുള്ള മരം മുറി, ഭക്തർ ഉപേക്ഷിച്ചുപോകുന്ന പ്ളാസ്റ്റിക് തുടങ്ങിയ മാലിന്യങ്ങൾ എന്നിവ ജന്തുജാലങ്ങൾക്കും സസ്യസമ്പത്തിനും ദോഷകരമാണെന്നും വന്യമൃഗങ്ങളുടെ സൈര വിഹാരത്തിനും തീർത്ഥാടക ബാഹുല്യം തടസ്സമാണ് എന്നും ഇത് ക്രമേണ പ്രകൃതി സന്തുലിതാവസ്ഥയ്ക്ക് മാറ്റം വരുത്താൻ ഇടയാകും എന്നുമാണ് വനം വന്യജീവി വകുപ്പിന്റെ നിഗമനം.

(സി) പരിസ്ഥിതിക്ക് കോട്ടം തട്ടാതെയും, നിലവിലുള്ള നിയമങ്ങൾ, ചട്ടങ്ങൾ, കോടതിവിധികൾ എന്നിവയ്ക്കു വിധേയമായും, ഭക്തർക്ക് പരമാവധി സൗകര്യങ്ങൾ ലഭ്യമാക്കണം എന്നതാണ് സർക്കാർ നിലപാട്.

(ഡി) ആവശ്യമായ വനഭൂമി ലഭ്യമാകുകയാണെങ്കിൽ പരിസ്ഥിതിക്ക് ന്യൂനത ഉണ്ടാകാത്ത വിധത്തിൽ ശബരിമല വികസനം നടപ്പാക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly